കേരള കാർഷിക സർവകലാശാല

നടപടിക്രമങ്ങൾ

കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എൻജിനീയറിങ് ആൻഡ് ഫുഡ് ടെക്നോളജിയിൽ ബി.ടെക് (അഗ്രി എഞ്ചിനീയറിംഗ്) കോഴ്സിന്റെ സീറ്റ് വർധന അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

വിദ്യാഭ്യാസ ഡയറക്ടറേറ്റ്

നം. KAUEDU/1116/2023-EDU B2 തീയതി. വെള്ളാനിക്കര, 20-06-2024

---

പരാമർശം:

1. അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ഫാക്കൽറ്റിയുടെ 48 -ആം ബോർഡ് ഓഫ് സ്റ്റഡീസ് യോഗതീരുമാനം
2. 11/7/2023 തിയ്യതിയിലെ സ്പെഷ്യൽ അക്കാഡമിക് കൗൺസിൽ യോഗതീരുമാനം
3. അഗ്രികൾച്ചറൽ എൻജിനീയറിങ് ഫാക്കൽറ്റി ഡീനിന്റെ 13.03.2024 തിയ്യതിയിലെ C1-1676/2020 നമ്പർ കത്ത്
4. 16.05.2024 തിയ്യതിയിലെ 619 -)മത് ഭരണ സമിതി തീരുമാനം

**ഉത്തരവ്**

കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എൻജിനീയറിങ് ആൻഡ് ഫുഡ് ടെക്നോളജിയിൽ ബി.ടെക് (അഗ്രി എഞ്ചിനീയറിംഗ്) കോഴ്സിന് നിലവിൽ ഓരോ വർഷവും 53 വിദ്യാർത്ഥികളാണ് പ്രവേശനം നേടിയിരുന്നത് . ഇതിൽ 80% KEAM റാങ്ക് ലിസ്റ്റിൽ നിന്നും സംസ്ഥാന പ്രവേശന പരീക്ഷാകമ്മീഷണർ നടത്തുന്ന പ്രവേശന നടപടികൾ മുഖേനയും 20% ഐ സി എ ആർ പ്രവേശന പരീക്ഷ മുഖേനയുമാണ്.

ഫാക്കൽറ്റി, പാഠ്യപദ്ധതി, ഭൗതിക സൗകര്യങ്ങൾ എന്നിവയുടെ ഉയർന്ന നിലവാരത്തിന്റെ അടിസ്ഥാനത്തിൽ കോളേജിന് AICTE- യുടെയും ഐ. സി. എ. ആർ-ന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. കേരള കാർഷിക സർവകലാശാലയിലും മറ്റു സംസ്ഥാന കാർഷിക സർവകലാശാലകളിലും ബി.ടെക് (അഗ്രി എഞ്ചിനീയറിംഗ്) കോഴ്സിന് പ്രവേശനം നേടുന്നതിന് വിദ്യാർത്ഥികൾക്കിടയിൽ കടുത്ത മത്സരം നടക്കുന്ന സാഹചര്യമാണ് നിലവിലുള്ളത് എന്ന കാര്യവും പ്രസ്തുത കോഴ്സിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ഉൾക്കൊള്ളുവാൻ വേണ്ട അടിസ്ഥാന സൗകര്യം തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചർ ആൻഡ് ഫുഡ് ടെക്നോളജിയിൽ ഉണ്ടെന്നതും പരിഗണിച്ച് ബിടെക് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് കോഴ്സിന്റെ സീറ്റ് വർധനയ്ക്കായി അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ഫാക്കൽറ്റിയുടെ 48-)മത് ബോർഡ് ഓഫ് സ്റ്റഡീസ് ശുപാർശ ചെയ്തിരുന്നു (സൂചന 1 ) .

ബോർഡ് ഓഫ് സ്റ്റഡീസ് ശുപാർശ, സൂചന 2 പ്രകാരം, 11/7/2023-നു ചേർന്ന സ്പെഷ്യൽ അക്കാഡമിക് കൗൺസിൽ യോഗം അംഗീകരിച്ചിട്ടുള്ളതാണ്.

ഭരണസമിതി മുൻപാകെ സമർപ്പിക്കുന്നതിലേക്കായി പ്രസ്തുത വിഷയത്തിൽ വിശദമായ ശുപാർശ ലഭ്യമാക്കുവാൻ അഗ്രികൾച്ചർ എൻജിനീയറിങ് ഫാക്കൽറ്റി ഡീനിനോട് ആവശ്യപ്പെടുകയും സൂചന 3 പ്രകാരം ഫീ ഘടന ഉൾപ്പെടെ

ആയതു ലഭ്യമാക്കുകയും ചെയ്തിരുന്നു.

ഇതനുസരിച്ച് മേൽവിഷയത്തിൽ ഭരണസമിതി മുൻപാകെ വിശദമായ ശുപാർശ സമർപ്പിച്ചിരുന്നു. ശുപാർശകൾ സൂചന 4 പ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലെ തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ആൻഡ് ഫുഡ് ടെക്നോളജിയിൽ നടത്തിവരുന്ന ബി ടെക് അഗ്രികൾച്ചറൽ എൻജിനീയറിങ് ആൻഡ് ടെക്നോളജി പ്രോഗ്രാമിന് ഇപ്പോഴുള്ള അതേ എണ്ണം വിദ്യാർത്ഥികളെ (53) പ്രവേശിപ്പിക്കാവുന്ന തരത്തിൽ ഒരു അധിക ബാച്ച് അടുത്ത അധ്യയന വര്ഷം (2024) മുതൽ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു

ഉയർന്ന ഫീ ഘടനയോടു കൂടി കുമരകം കാർഷിക ഗവേഷണ കേന്ദ്രത്തിൽ പുതുതായി ആരംഭിച്ച കാർഷിക ബിരുദ പ്രോഗ്രാമിന്റെ പ്രവേശനവ്യവസ്ഥകൾ പാലിച്ചുകൊണ്ട് 80% സീറ്റുകളിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന KEAM റാങ്ക് ലിസ്റ്റിൽ നിന്നും 20% സീറ്റുകളിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ കേന്ദ്രീകൃത അലോട്മെന്റ് മുഖേനയും എന്ന വിധത്തിൽ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന ഫീ ഘടനയോടു കൂടി അടുത്ത അധ്യയന വര്ഷം (2024) മുതൽ പ്രവേശനം നടത്താൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഭരണ സമിതി തീരുമാനപ്രകാരം

A Sakeer Husain
REGISTRAR

അനുബന്ധം:അധികമായി അനുവദിച്ച സീറ്റുകളിലേക്കുള്ള അംഗീകൃത ഫീ ഘടന

എല്ലാ കോളേജ് മേധാവികൾക്കും
എല്ലാ അക്കാദമിക് ഓഫീസർമാർക്കും
ഡയറക്ടർ ഓഫ് ഇൻഫർമേഷൻ സിസ്റ്റംസ്
പ്രോഗ്രാമർ (എഡ്യൂക്കേഷൻ )

പകർപ്പ്
പി എസ് ടു വി സി / കൺട്രോളർ ഓഫ് എക്സാമിനേഷൻ /ജോയിന്റ് രജിസ്ട്രാർ (EDU )/ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലെ എല്ലാ സെക്ഷൻ ഓഫീസർമാർക്കും /കരുതൽ/മിച്ചം

ഉത്തരവിൻ പ്രകാരം
Signed by
Anjali R
Date: 21-06-2024 11:52:05
സെക്ഷൻ ഓഫീസർ

KAUEDU/1116/2023- EDU B2

<u>അനുബന്ധം</u>

Fee Structure of B.Tech. (Agrl. Engg.)

| Sl. No. | Particulars | 1st Semester Amount (Rs.) |
|---|---|---|
| 1 | College caution deposit (Refundable-one time payment) | 100000/- |
| 2 | Tuition fee | 47760/- |
| 3 | Semester Examination fee | 640/- |
| 4 | **Special Fees** | 1600/- |
| | Library fee - Rs. 320/- | |
| | Stationery fee - Rs.240/- | |
| | Medical Inspection fee - 160/- | |
| | Sports/Athletic fee - Rs. 160/- | |
| | Magazine fee - Rs. 160/- | |
| | University Union fee -·Rs. 400 | |
| | Association fee - Rs. 160/- | |
| | Total (2+3+4) | 50000/- |
| 5 | Insurance Fee | 100/- |
| 6 | Annual subscription fee for Kalpadhenu | 200/- |
| 7 | PTA fund ( One time payment ) | 5000/- |
| | Total ( Rs.) | 1,55,300/- |